**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**Email: ceekinfo.cee@kerala.gov.in**
**Phone : 0471 2525300**

## വിജ്ഞാപനം

## കീം-2024

## മെഡിക്കൽ & മെഡിക്കൽ അനുബന്ധകോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2024
## താത്ക്കാലിക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

**2024** വർഷത്തെ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ, നീറ്റ് (യു.ജി) **2024** ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിശ്ചിത സമയത്തിനകം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി തയ്യാറാക്കിയ താത്ക്കാലിക മെഡിക്കൽ, ആയുർവേദ റാങ്ക് ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. താത്ക്കാലിക റാങ്ക് ലിസ്റ്റ് സംബന്ധിച്ച് പരാതി ഉള്ള വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇമെയിൽ **(ceekinfo.cee@kerala.gov.in)** മുഖേന **16.08.2024 രാവിലെ 11.00 മണിക്കകം** അറിയിക്കേണ്ടതാണ്.

മെഡിക്കൽ കോഴ്സുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് പ്രോസ്പെക്ടസ് ക്ലോസ് 9.7.4(d) (i) &(ii) എന്നീ വ്യവസ്ഥകൾ പ്രകാരവും ആയുർവേദ കോഴ്സിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് പ്രോസ്പെക്ടസ് ക്ലോസ് 9.7.4(e) പ്രകാരവുമാണ്.

**2024** വർഷത്തെ നീറ്റ് യു.ജി. ഇൻഫർമേഷൻ ബുള്ളറ്റിൻ പ്രകാരം താഴെപറയുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് **MBBS/BDS/BSMS/BUMS/BAMS** എന്നീ കോഴ്സുകളിലേക്കുള്ള

പ്രവേശനത്തിന് വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.

1. ജനറൽ/ഇ.ഡബ്ല്യു.എസ് വിഭാഗക്കാർ നീറ്റ് യു.ജി. പരീക്ഷയിൽ 50 പെർസെന്റയിലിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.
2. എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗക്കാർ 40 പെർസെൻറയിൽ നേടിയാൽ മതിയാകും.
3. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജനറൽ വിഭാഗക്കാർ 45 പെർസെൻറയിൽ നേടിയാൽ മതിയാകും.
4. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗക്കാർ 40 പെർസെന്റയിൽ നേടിയാൽ മതിയാകും

2024 വർഷത്തെ നീറ്റ് യു.ജി പരീക്ഷയിൽ മിനിമം 20 മാർക്ക് നേടിയിട്ടുള്ള വിദ്യാർത്ഥികളെയാണ് പ്രോസ്പെക്ടസ് ക്ലോസ് 9.7.5(iii) പ്രകാരം അഗ്രികൾച്ചർ/ഫോറസ്ട്രി/കോ-ഓപ്പറേഷൻ & ബാങ്കിംഗ്/ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയോൺമെന്റൽ സയൻസ്/ബി.ടെക്ക് ബയോടെക്നോളജി (കേരള അഗ്രി.യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോഴ്സ്) വെറ്ററിനറി/ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനത്തിന് പരിഗണിക്കുന്നത്. എന്നാൽ എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് മെഡിക്കൽ അനുബന്ധകോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് മിനിമം മാർക്ക് വേണമെന്ന നിബന്ധനയില്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള കാറ്റഗറി പട്ടികയിൽ ഉൾപ്പെടുന്ന എസ്.സി/എസ്.റ്റി /എസ്.ഇ.ബി.സി/ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് നീറ്റ് യു.ജി യോഗ്യത മാനദണ്ഡ പ്രകാരമുള്ള ഇളവുകൾ ബാധകമാക്കുന്നത്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വിദ്യാർത്ഥികൾ അതാത് കോഴ്സുകളിലേക്കുള്ള യോഗ്യതാമാനദണ്ഡവും 2024 വർഷത്തെ നീറ്റ് യു.ജി ഇൻഫർമേഷൻ ബുള്ളറ്റിൻ പ്രകാരമുള്ള യോഗ്യതാമാനദണ്ഡവും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരമുള്ള യോഗ്യതകളും പ്രവേശന സമയത്ത് നേടിയിരിക്കേണ്ടതാണ്.

സംസ്ഥാനത്തെ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് മെഡിക്കൽ / ആയുഷ് കൗൺസിലിംഗ് കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന അഖിലേന്ത്യാ ഷെഡ്യൂൾ അനുസരിച്ച് നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അലോട്ട്മെന്റ് സംബന്ധിച്ച തുടർന്നുള്ള വിവരങ്ങൾക്കും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ

കമ്മീഷണറുടെ വെബ്സൈറ്റ് **www.cee.kerala.gov.in** നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 14-08-2024 21:58:36

തിരുവനന്തപുരം
**14-08-2024**

**പ്രവേശന പരീക്ഷാ കമ്മീഷണർ**